പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 93

# 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 93

# 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

424/2012.

# 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ബിൽ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക
ശാസ്ത്ര സർവ്വകലാശാല ആക്റ്റ്
വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 17-ാം വകുപ്പിന്റെ ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 17-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, ''(xii)''എന്ന അക്കവും ബ്രാക്കറ്റും വിട്ടുകളയേണ്ടതാണ്.

3. 34-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 34-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ, "സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്." എന്ന വാക്കുകൾക്കുപകരം ഇനി പറയുന്ന വാക്കുകളും അക്കവും ചേർക്കേണ്ടതാണ്, അതായത്:—

"സർക്കാരിന് വരുംവർഷം മാർച്ച് 1-ാം തീയതിയിലോ അതിനുമുമ്പോ സമർപ്പിക്കേണ്ടതും അത് ലഭിച്ചാൽ ഉടൻതന്നെ സർക്കാർ, നിയമസഭ സമ്മേളനത്തിലാണെങ്കിൽ

സഭയുടെ മേശപ്പുറത്തു വയ്പിക്കേണ്ടതും അത് സമ്മേളനത്തിലല്ലായെങ്കിൽ, അപ്രകാരം ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പിക്കേണ്ടതുമാണ്.".

4. 37-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 37-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുപകരം ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വാർഷിക റിപ്പോർട്ടിന്റെ പ്രതികൾ വരും വർഷത്തിലെ സെപ്റ്റംബർ 15-ാം തീയതിയിലോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതും അത് ലഭിച്ചാലുടൻതന്നെ സർക്കാർ, ആവശ്യമെന്നുകരുതുന്ന അഭിപ്രായങ്ങളും നിരീക്ഷണങ്ങളും സഹിതം, നിയമസഭ സമ്മേളനത്തിലാണെങ്കിൽ സഭയുടെ മേശപ്പുറത്ത് വയ്പിക്കേണ്ടതും അത് സമ്മേളനത്തിലല്ലായെങ്കിൽ, അപ്രകാരം ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പിക്കേണ്ടതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ (1986-ലെ 31) 17-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (xii)-ാം ഇനം പ്രകാരം ധനകാര്യ വകുപ്പ് സെക്രട്ടറി അഥവാ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ സിൻഡിക്കേറ്റിലെ ഒരു അംഗമാണ്. പ്രസ്തുത വകുപ്പിലെ (2)-ാം ഉപവകുപ്പിൽ പ്രസ്തുത അംഗത്തിന്റെ ഉദ്യോഗ കാലാവധി അദ്ദേഹം നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ നാല് വർഷത്തേക്കായിരിക്കും എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പ് സെക്രട്ടറി അഥവാ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന അംഗം സിൻഡിക്കേറ്റിലെ എക്സ് ഒഫിഷ്യോ അംഗം ആയതിനാൽ സർവ്വകലാശാല സിൻഡിക്കേറ്റിൽ അദ്ദേഹത്തിന്റെ കാലാവധി നാല് വർഷമായി പരിമിതപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചു.

2. സർവ്വകലാശാലകളുടെ വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള സമയപരിധി നിശ്ചയിക്കണമെന്ന് നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (1998-2001) അതിന്റെ 14-ാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞ നിർദ്ദേശം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ 2005-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ആക്റ്റ് (2005-ലെ 1) മൂലം ഭേദഗതി ചെയ്തു ഉൾപ്പെടുത്തുകയുണ്ടായി. പ്രസ്തുത ഭേദഗതി നിർദ്ദേശം മറ്റു സർവ്വകലാശാല നിയമങ്ങളിൽകൂടി ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു. ആയതിനാൽ 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും യഥാക്രമം മാർച്ച് 1, സെപ്റ്റംബർ 15

എന്നീ തീയതികൾക്കോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കുന്നതിനും അത് ലഭിച്ചാലുടൻതന്നെ സർക്കാർ സഭയുടെ മേശപ്പുറത്ത് വയ്പിക്കുന്നതിനുംവേണ്ട വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

3. മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

**പി. കെ. അബ്ദു റബ്ബ്.**

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

17. സിൻഡിക്കേറ്റ്.—(1) സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണ നിർവ്വഹണ സമിതി ആയിരിക്കുന്നതും, അതിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(i) ** ** **

** ** ** **

(xii) ധനകാര്യ വകുപ്പ് സെക്രട്ടറി അഥവാ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ;

** ** ** **

(2) (1)-ാം ഉപവകുപ്പിലെ (vii), (viii), (ix), (x), (xii), (xiii) എന്നീ ഇനങ്ങൾ പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഉദ്യോഗ കാലാവധി അവരെ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ നാല് വർഷത്തേക്ക് ആയിരിക്കുന്നതും അവർ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹരായിരിക്കുന്നതും ആകുന്നു:

എന്നാൽ, നിയമസഭാ സാമാജികൻ എന്ന നിലയ്ക്ക് നാമനിർദ്ദേശം ചെയ്യുന്ന യാതൊരു അംഗവും അദ്ദേഹം നിയമസഭാ സാമാജികൻ അല്ലാതായി തീർന്നശേഷം മൂന്ന് മാസത്തിൽ കവിഞ്ഞ കാലത്തേക്ക്, അതിനിടയിൽ അദ്ദേഹം നിയമസഭാ സാമാജികൻ ആയിത്തീരാത്തപക്ഷം, സിൻഡിക്കേറ്റിലെ അംഗമായിരിക്കാൻ പാടില്ലാത്തതാകുന്നു:

എന്നുമാത്രമല്ല, 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾക്ക് സർക്കാരിന് ഇഷ്ടമുള്ളിടത്തോളംകാലം തങ്ങളുടെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.

** ** ** **

34. വാർഷിക കണക്കുകൾ.—(1) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ സിൻഡിക്കേറ്റിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കുകയും, ആഡിറ്റിനായി സർക്കാരിനു സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(2) വാർഷിക കണക്കുകൾ, അവയുടെ ആഡിറ്റ് റിപ്പോർട്ട് സഹിതം സിൻഡിക്കേറ്റ്, പ്രസിദ്ധപ്പെടുത്തേണ്ടതും, അങ്ങനെയുള്ള കണക്കുകളുടേയും ആഡിറ്റ് റിപ്പോർട്ടിന്റെയും പകർപ്പുകൾ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

** ** ** **

37. വാർഷിക റിപ്പോർട്ട്.—(1) ഓരോ സാമ്പത്തികവർഷത്തേയും സംബന്ധിച്ച് സർക്കാർ നിർദ്ദേശിക്കുന്ന വിവരങ്ങളടങ്ങിയ സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് സിൻഡിക്കേറ്റ് തയ്യാറാക്കേണ്ടതും, അന്തിമതീരുമാനം എടുക്കുന്നതിനുമുൻപായി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന തീയതിയിലോ അതിനുമുൻപോ അക്കാഡമിക് കൗൺസിലിന്റെ പുനഃപരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ടിന്റെയും വാർഷിക കണക്കുകളുടെയും പ്രതികൾ സർക്കാരിലേക്കയയ്ക്കേണ്ടതും, സർക്കാർ അവ സംസ്ഥാന നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

** ** ** **